HON'BLE MR. A. J. JOHN : നിവൃത്തിയുള്ളിടത്തോളം കൈയ്പ്പേ നന്നായിരിക്കുന്നവരെയാണു നിയമിക്കുന്നതു്. പക്ഷെ ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെ കൈപ്പടയെപ്പറ്റി കർശനമായി നിഷ്ക്കർഷിക്കുക എന്നു വച്ചാൽ നിലവിലിരിക്കുന്ന രൂളുകൾതന്നെ മാറേണ്ടിവരും.

MR. K. A. GANGADHARA MENON : ഒരു നിയമനത്തിനു മിനിമം കപ്പാളിഫിക്കേഷൻ ഇന്നതാണെന്നു നിശ്ചയിച്ചിരിക്കുന്ന സന്ദർഭത്തിൽ അതേ നിയമനത്തിനു കൂടുതൽ യോഗ്യത വേണമെന്നു നിഷ്ക്കർഷിക്കേണ്ടതുണ്ടോ?

HON'BLE MR. A. J. JOHN : ഗവണ്മെൻറു മിനിമം കപ്പാളിഫിക്കേഷൻ നിശ്ചയിച്ചിട്ടുണ്ടെങ്കിലും കൂടുതൽ യോഗ്യതയുള്ളവർ ഉണ്ടെങ്കിൽ അവരെ നിയമിക്കാം എന്നാണു രൂളിൽ പറഞ്ഞിരിക്കുന്നതു്. എന്നാൽ പിന്നോക്കസമുദായക്കാരെ സംബന്ധിച്ചിടത്തോളം മിനിമം കപ്പാളിഫിക്കേഷൻ ഉണ്ടെങ്കിലും നിയമിക്കാമെന്നു വ്യവസ്ഥയുണ്ടു്.

പെൻഷ്യൻഡു് ഉദ്യോഗസ്ഥന്മാക്കുള്ള ക്ഷാമബത്ത.

*485. MR. K. A. MATHEW : താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി ദയവായി മറുപടി പറയുമോ?

ഗവണ്മെൻറിനെ സേവിച്ച പെൻഷ്യൻഡു് ഉദ്യോഗസ്ഥന്മാക്കു് ഇപ്പോൾ നൽകുന്ന നിസ്സാരമായ ക്ഷാമ അലവൻസു് (ഡിയർനെസ്സ് അലവൻസു്) അശേഷം അപര്യാപ്തമാണെന്നും ഇപ്പോൾ സർവീസിലിരിക്കുന്ന ജീവനക്കാക്കു് കൊടുത്തുവരുന്ന ക്ഷാമ അലവൻസിൻെറ ക്രമമനുസരിച്ചു് അവർക്കും പകുതിവീതം കൊടുക്കണമെന്നും അവർ ഗവണ്മെൻറിലേക്കു് നിവേദനം അയച്ചിട്ടുണ്ടോ?

HON'BLE MR. A. J. JOHN : അവരുടെ നിവേദനം ലഭിച്ചിട്ടുണ്ടു്.

MR. K. A. MATHEW : ഗവണ്മെൻറു് അതിനുവേണ്ടി എന്തു ചെയ്തു?

HON'BLE MR. A. J. JOHN : അതു സംബന്ധിച്ചു് തൽക്കാലം ക്ലിപ്തമായി മറുപടി പറയുവാൻ ഗവണ്മെൻറിനു് സാധ്യമല്ല. ഇപ്പോൾ നൂറുരൂപാവരെ പെൻഷനുള്ളവർക്കു് രണ്ടുരൂപാ കൂടുതൽ കൊടുക്കുന്നതിനു് ഇപ്പോൾതന്നെ ഓർഡർ ചെയ്തിട്ടുണ്ടു്. നൂറുമുതൽ ഏഴുനൂറുവരെ പെൻഷൻ ഉള്ളവർക്കു് നൂറുരൂപാ അലവൻസു് കൊടുക്കണമെന്നാണു നിവേദനം. ഏഴുനൂറുമുതൽ ഏഴായിരം പെൻഷനുള്ളവർക്കു്

LIBRARY ARCHIVES Kerala Legislative Assembly

ക്ക് സൗജന്യമായി കൊടുക്കുന്നതിനും അതിൽ പറയുന്നുണ്ട്. അങ്ങനെ കൊടുക്കുമ്പോൾ പ്രതിമാസം ര ക്ഷ സൗജന്യമായി ഗവണ്മെൻറിന് കൂടുതൽ ചെലവു വരുന്നു. ഇതു ആലോചിക്കേണ്ട ഒരു കാര്യമാണ്.

Kumarakom School.

* 486. MRS. DEVAKI GOPIDAS (*Kottayam I—General*) : Will the Hon'ble Minister for Education be pleased to state:

(*a*) have the Government received any amount of money from the public of Kumarakom for the erection of new buildings for the Government High School, Kumarakom;

(*b*) are the students and teachers of the said school are experiencing much inconveniences due to lack of sufficient rooms to conduct the classes;

(*c*) have the Government invited tenders for the erection of the new building;

(*d*) if so, have any tenders been received and any earnest money deposited by the contractor; and

(*e*) if so, when

HON'BLE MR. N. KUNJURAMAN : (എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. എക്സിക്യൂട്ടീവ് എൻജനീയർ, എഡ്യൂക്കേഷൻ ഡിവിഷൻ.

(ഡി) ടെൻഡർ കിട്ടിയിട്ടില്ല.

(ഇ) ഡി. യുടെ ഉത്തരം അനുസരിച്ച് ഇ-ക്ക് ഉത്തരം ഉദിക്കുന്നില്ല.

MRS. DEVAKI GOPIDAS : ഇതു് എന്നത്തേക്കു തീർക്കാമെന്നായിരുന്നു ഗവണ്മെൻറിൻറെ വാഗ്ദാനം.

HON'BLE MR. N. KUNJURAMAN : ഗവണ്മെൻറ് അങ്ങനെ ഒരു വാഗ്ദാനം ചെയ്തിട്ടില്ല.

Supply of new vehicles for the State Transport Department.

*487. MR. MAJEED MARIKAR * (*Kunnathnad I—Muslim*) : Will the Hon'ble Minister for Transport be pleased to state :

(*a*) whether any orders have been placed for supply of new vehicles for the State Transport Department ;

(*b*) whether any definite policy is being followed by the Department in placing orders for the supply of vehicles etc., and

(*c*) whether tenders have been called for supply of vehicles and orders placed on the merits of tenders ?

HON'BLE MR. K. R. ELAKKATH : (*a*), (*b*) and (*c*) Yes.

* (The member being absent question and answer were placed on the table.)

LIBRARY ARCHIVES Kerala Legislative Assembly